www.shenischool.in

ML9201

# വാർഷിക മൂല്യനിർണ്ണയം - 2016

## മലയാളം പേപ്പർ - II

## അടിസ്ഥാനപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

1. പട്ടിക ക്രമപ്പെടുത്തുക (5)

| | | |
|---|---|---|
| എൻ. മോഹനൻ | മുതലാളി തന്നെയായാലും ഇവനെ വെറുതെ വിട്ടുകൂടാ | വീഡിയോ മരണം |
| സുഗതകുമാരി | അമ്മയോട് ഒന്ന് അഡ്ജസ്റ്റ് ചെയ്യാൻ പറയണം. ക്രിസ്മസിന് മുമ്പു തന്നെ | കൃഷ്ണഗാഥ |
| അയ്യപ്പപണിക്കർ | ആയുധം കൊണ്ടു കളിച്ചു തുടങ്ങിനാർ ആയുധ ചഞ്ചുക്കളായോരെല്ലാം | അതികായൻ |
| വി. കെ. എൻ. | നിങ്ങൾ പിച്ച നടക്കുന്ന വഴികൾ മുഴുവൻ ചതിക്കുഴികളാണ് | ചെറുകഥ |
| ചെറുശ്ശേരി | മറ്റുള്ളവർക്കൊക്കെ ആകാം അവരൊക്കെ ഒള്ളേടത്തെയാ | സ്നേഹപൂർവ്വം അമ്മ |

2. 'ദയയില്ലാത്തവൻ' എന്ന അർത്ഥം വരുന്ന പദം കണ്ടെത്തുക

i) നിർദ്ദോഷി ii) നിർധനൻ iii) നിർഘൃണൻ (1)

3. ശീമോന്റെ പണക്കൊഴുപ്പും അഹങ്കാരവും പ്രകടമാകുന്ന ഒരു സന്ദർഭം മഗ്ദലന മറിയം എന്ന പാഠഭാഗത്തുനിന്നും കണ്ടെത്തിയെഴുതുക. (1)

4. മാതൃകപോലെ മാറ്റിയെഴുതുക

രാത്രൗ - രാത്രിയിൽ

വനാന്തേ - .................... (1)

5. കടയുടമസ്ഥൻ അത്ഭുതത്തോടെ കലത്തിലേയ്ക്കും പിന്നെ ചെറുക്കന്റെ മുഖത്തേയ്ക്കും മാറി മാറി നോക്കി (4)

ഈ കഥയിൽ ഇന്നത്തെ കുട്ടികളിൽ നിന്ന് മാത്തുക്കുട്ടിയെ വ്യത്യസ്തനാക്കിയ സ്വഭാവ സവിശേഷതകൾ എന്തെല്ലാം?

6. തലയെത്രയ്ക്കുയർന്നാലും (4)

തറയിൽ കാലുറയ്ക്കണം

വൃക്ഷമെത്ര വളർന്നാലും

വേരറ്റാൽ വീണുതന്നെ പോം

മുകളിൽ കൊടുത്തിരിക്കുന്ന കവിത അയ്യപ്പപണിക്കരുടെ 'വീഡിയോ മരണം' എന്ന കവിതയിലെ ആശയവുമായി താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

7.

മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം സമൂഹത്തിന് ആപൽക്കരമാണ്.

നമ്മുടെ വിദ്യാലയവും പരിസരവും ലഹരി വിമുക്തമാക്കണം.

ലഹരി വസ്തുക്കളുടെ ഉപയോഗം കുറ്റവാസനയും അനാശാസ്യ പ്രവണതയും വർദ്ധിപ്പിക്കുന്നു.

കുട്ടികൾക്ക് ഏറെ നന്മ ചെയ്യാനുണ്ട്.

കൊളാഷ് നമ്മോടു പറയുന്ന സാമൂഹിക പ്രശ്നങ്ങളെ വിലയിരുത്തുക. (4)

8. തൊഴിൽ എന്നതായാലും നാലുചക്രം ഉണ്ടാക്കാൻ പറ്റണം - ചക്രമുണ്ടേലേ നാട്ടിലൊരു വെല കാണത്തൊള്ളു.

പുതുതലമുറയുടെ ജീവിത വീക്ഷണത്തിന് തെളിവായി ഈ പ്രസ്താവനയെ സ്വീകരിക്കാമോ? സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന പ്രവണതകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

9. കാർഷിക രംഗത്തേക്ക് നാം ഓരോരുത്തരും കടന്നു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സ്കൂൾ ഹരിതക്ലബ്ബിന്റെ കൈയെഴുത്തു മാസികയ്ക്ക് ഒരു എഡിറ്റോറിയൽ തയ്യാറാക്കുക. (4)

10. 'രോഗി' എന്ന കവിതയിൽ ജീവിതമഹാരോഗി എന്ന പ്രയോഗത്തിലേക്ക് കവിയെ എത്തിച്ച ആധുനിക സാഹചര്യങ്ങൾ വിലയിരുത്തുക. **(6)**

**11. ആസ്വാദനം തയ്യാറാക്കുക.** **(6)**

വെള്ളം

കുപ്പീലെ വെള്ളം ആരെടുത്തു -
കുപ്പീലെ വെള്ളം ഞാനെടുത്തു.
കുടത്തിലെ വെള്ളം ആരെടുത്തു -
കുടത്തിലെ വെള്ളം കിളിയെടുത്തു .
കിണറ്റിലെ വെള്ളം ആരെടുത്തു -
കിണറ്റിലെ വെള്ളം വെയിലെടുത്തു.
കുളത്തിലെ വെള്ളം ആരെടുത്തു -
കുളത്തിലെ വെള്ളം കാറ്റെടുത്തു.
പുഴയിലെ വെള്ളം ആരെടുത്തു-
പുഴയിലെ വെള്ളം മണലെടുത്തു.
കടലിലെ വെള്ളം ആരെടുത്തു-
ആരെടുത്തു? ആരെടുത്തു?

*ആനമഴ* *മോഹനകൃഷ്ണൻ കാലടി*

www.shenischool.in